# കാലാവസ്ഥാ മുന്നറിയിപ്പും കാർഷിക നിർദ്ദേശങ്ങളും

(പ്രാബല്യം: : **17.08.2024** മുതൽ **21.08.2024** വരെ)

## കണ്ണൂർജില്ല

കേരള കാർഷിക സർവ്വകലാശാല പ്രാദേശിക കാർഷിക ഗവേഷണ കേന്ദ്രം പിലിക്കോട്-ഉം ഇന്ത്യ കാലാവസ്ഥാ വകുപ്പും സംയുക്തമായി പുറത്തിറക്കുന്നത്

| ബുള്ളറ്റിൻനമ്പർ: പിലിക്കോട്/കെ.എൻ.ആർ - 66/2024 | തീയ്യതി: 16/08/2024 |
|---|---|

### എ.പിന്നിട്ട നാല് ദിവസത്തെ കാലാവസ്ഥ

| മഴ, മി.മീ | കൂടിയ താപനില, °C | കുറഞ്ഞ താപനില, °C | ആപേക്ഷിക ആർദ്രത, % | കാറ്റിന്റെ വേഗത, കി.മീ/മണിക്കൂർ |
|---|---|---|---|---|
| 28.7 | 31.0 – 31.8 | 24.4 – 26.0 | 80 – 95 | 00 – 04 |

### ബി.വരുന്ന നാല്ദിവസങ്ങളിലേക്കുള്ളകാലാവസ്ഥാ മുന്നറിയിപ്പ്

| സൂചിക | 17-08-2024 | 18-08-2024 | 19-08-2024 | 20-08-2024 | 21-08-2024 |
|---|---|---|---|---|---|
| ശരാശരിമഴ,മി.മീ | 3 | 2 | 3 | 4 | 20 |
| കൂടിയതാപനില, °C | 32 | 32 | 32 | 31 | 31 |
| കുറഞ്ഞതാപനില, °C | 26 | 26 | 25 | 25 | 25 |
| കൂടിയആപേക്ഷികആർദ്രത, % | 88 | 88 | 86 | 86 | 86 |
| കുറഞ്ഞആപേക്ഷികആർദ്രത, % | 76 | 76 | 74 | 74 | 74 |
| കാറ്റിന്റെവേഗത, കി.മീ/മണിക്കൂർ | 4 | 4 | 4 | 3 | 3 |
| കാറ്റിന്റെദിശ, ഡിഗ്രി | 279 | 290 | 290 | 290 | 320 |
| മേഘവിന്യാസം, ഒക്ടാ | 5 | 5 | 5 | 6 | 6 |

### സി. കാർഷിക നിർദ്ദേശങ്ങൾ

| വിള | ഘട്ടം | പ്രശ്നങ്ങൾ | കാർഷികനിർദ്ദേശങ്ങൾ |
|---|---|---|---|
| **പൊതുനിർദ്ദേശങ്ങൾ** | **ഒറ്റപ്പെട്ട ശക്തിയായ മഴ **** | | |
| | ഉയർന്ന അന്തരീക്ഷ ആർദ്രത അനുഭവപ്പെടും. ആകാശം പൂർണമായും മേഘാവൃതമായിരിക്കും. അന്തരീക്ഷ ഊഷ്മാവ് സ്വാധാരണയിൽ കുറവായിരിക്കും.<br>ആഗസ്റ്റ് 16,17,18,20ന് ഒറ്റപ്പെട്ട ശക്തിയായ മഴ (ഇരുപത്തിനാലു മണിക്കൂറിൽ 64.5 മില്ലിമുതൽ 115.5 മില്ലി വരെ)<br>ആഗസ്റ്റ് 19ന് ശക്തികുറഞ്ഞ മഴ (ഇരുപത്തിനാലു മണിക്കൂറിൽ 15.6 മില്ലിമുതൽ 64.4 മില്ലി വരെ) | | |

| | | | |
|---|---|---|---|
| **പൊതുനിർദ്ദേശങ്ങൾ** | കഴിഞ്ഞ ദിവസങ്ങളിൽ ഉണ്ടായ ശക്തമായ മഴയിൽ അമിതമായി വെള്ളക്കെട്ടുണ്ടായിരിക്കുന്ന ഇടങ്ങളിൽ നീർ വാർച്ച അനുവദിക്കുക<br>വിത്ത്, റബ്ബർ, കശുവണ്ടി, മഞ്ഞൾ, കൊപ്ര ഉല്പന്നങ്ങൾ ശ്രദ്ധാപൂർവം വെയിലത്തിട്ടുണക്കുക.<br>മൃദു കാണ്ഡ വിളകളായ വാഴ, പച്ചക്കറികൾ, താങ്ങുകൾ ആവശ്യമുള്ള കിഴങ്ങുവർഗ്ഗങ്ങൾ എന്നിവയ്ക്ക് ശക്തമായ താങ്ങുകൾ നൽകുക.<br>വളം, വിത്ത്, കാലിത്തീറ്റകൾ എന്നിവ ഈർപ്പം തട്ടാത്തതും കീടങ്ങൾ ഇല്ലാത്തതുമായ മുറികളിൽ ഉയർത്തികെട്ടി പലക പാകിയ പ്രതലങ്ങളിൽ മേൽ സൂക്ഷിക്കുക.<br>കന്നുകാലികളെ ബലക്ഷയമുള്ള തൊഴുത്തുകളിൽ പാർപ്പിക്കരുത്.<br>ഉരുൾപൊട്ടലിനും, മണ്ണിടിച്ചിലിനും സാധ്യതയുള്ളതിനാൽ ജനങ്ങൾ അടുത്തുള്ള സുരക്ഷിത സ്ഥാനത്തേക്ക് മാറാൻ നിർദേശിക്കുന്നു.<br>അവശ്യ ഘട്ടങ്ങളിൽ മഴയില്ലാത്ത ഇടവേളകൾ ലഭിക്കുമ്പോൾ മാത്രം പശ ചേർത്തു കീടനാശിനി തളിക്കുക. | | |
| നെല്ല് | വിവിധ ഘട്ടം | കരിച്ചൽ/ചീച്ചൽ രോഗം | മുൻകരുതലായി ബ്ലീച്ചിങ് പൗഡർ (ഏക്കറിന് 2 കിലോ) സുഷിരങ്ങളുള്ള കിഴികളിലാക്കി വെള്ളം കണ്ടത്തിലേക്ക് പ്രവേശിക്കുന്ന ഇടങ്ങളിൽ നിക്ഷേപിക്കുക |
| നെല്ല് | വിവിധ ഘട്ടം | ഓലചുരുട്ടിപുഴു<br> | ഓലചുരുട്ടിപ്പുഴുആക്രമണംഉണ്ടെങ്കിൽമുള്ളുള്ളകമ്പു വലിച്ചുഓലചുരുളുകൾതുറക്കുക.<br>ആക്രമണംരൂക്ഷമാണെങ്കിൽമാത്രംഫ്ലുബാൻഡൈഅമൈഡ്39.35%SC @1 മില്ലി/10ലിറ്റർവെള്ളത്തിൽഎന്നതോതിൽകലർത്തിതളിച്ച്കൊടുക്കുക. |
| തെങ്ങ്/ | തൈകൾ | വെള്ളം കെട്ടികിടക്കുന്ന അവസ്ഥ/കൂമ്പു ചീയൽ | തൈക്കുഴികളിൽ വെള്ളംകെട്ടികിടക്കാൻ അനുവദിക്കരുത്. കുഴികളിലേക്കു വെള്ളം ഒലിച്ചിറങ്ങാതിരിക്കാൻ കുഴിക്ക് ചുറ്റും വരമ്പ് നിർമിക്കുക.<br>മഴയുടെ ഇടവേളയിൽ 1 % ബോർഡോക്സ് മിശ്രിതം ഇലകളിലും കൂമ്പിലും പശ ചേർത്ത് തളിക്കുക. |
| തെങ്ങ് | വിവിധ ഘട്ടം | കൂമ്പു ചീയൽ<br> | കൂമ്പുചീയൽ ഉണ്ടായാൽ പ്രാരംഭ ഘട്ടത്തിൽ തന്നെ രോഗം ബാധിച്ച ഭാഗങ്ങൾ ചെത്തിമാറ്റി നശിപ്പിക്കുകയും മുറിവിൽ ബോഡോ കുഴമ്പു പുരട്ടുകയും ചെയ്യുക. തുടർന്ന് പുതുനാമ്പു വരുന്നത് വരെ കൂമ്പിനെ ഒരു പ്ലാസ്റ്റിക് കടലാസുപയോഗിച്ചു പൊതിഞ്ഞു മഴ വെള്ളം ഇറങ്ങാതെ സംരക്ഷിക്കുക. സമീപത്തുള്ള തെങ്ങുകളുടെ കുരുത്തോലക്കും ചുറ്റുമുള്ള ഒലക്കവിളുകളിലും ഒരു ശതമാനം വീര്യമുള്ള ബോഡോ മിശ്രിതം തളിക്കുക.<br>ദുർബല മേഖലകളിൽ, തെങ്ങുകളുടെ പ്രതിരോധ ശേഷി ഉയർത്താൻ സൂക്ഷ്മ മൂലകങ്ങൾ ഉൾപ്പെടുന്ന സമഗ്ര പോഷക മൂലക പരിപാലനം ഉണ്ടായിരിക്കണം. |

| | | | |
|---|---|---|---|
| കുരുമുളക് | വിവിധ ഘട്ടം | ചീച്ചൽ രോഗം<br> | ചീച്ചൽ രോഗം : മുൻകരുതലായി ട്രൈക്കോഡർമ സമ്പുഷ്ടമാക്കിയ വേപ്പിൻ പിണ്ണാക്ക്-ചാണക മിശ്രിതം 150 ഗ്രാം വീതം തടത്തിൽ വിതറി മണ്ണുമായി ചേർത്തിളക്കുക.<br>രോഗ ലക്ഷണങ്ങൾ കണ്ടു തുടങ്ങിയാൽ റെഡോമിൽ രണ്ടു ഗ്രാം ഒരു ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ കലർത്തി തടത്തിലെ മണ്ണ് കുതിർക്കുക.<br>ഇലകളിൽ ചീച്ചൽ കാണുകയാണെങ്കിൽ ഇതേ മിശ്രിതം ഇലകളിലും തണ്ടിലും തളിക്കുക. |
| വാഴ | വിവിധ ഘട്ടം<br>(നേന്ത്രൻ വാഴ) | കടചീയൽ<br> | മുൻകരുതലായിസ്ട്രെപ്റ്റോസൈക്ലിൻലായനി (@2ഗ്രാംപത്തുലിറ്റർവെള്ളത്തിൽ)അല്ലെങ്കിൽകോപ്പർ ഹൈഡ്രോക്സൈഡ് (@20ഗ്രാംപത്തുലിറ്റർവെള്ളത്തിൽ) വാഴത്തടത്തിൽകുതിർക്കുക |
| ഇഞ്ചി | വിവിധ ഘട്ടം | വാട്ടം<br> | ഒരു സെന്റിന് മൂന്നുകിലോ വീതം കുമ്മായം മണ്ണിൽ ചേർത്തിളക്കുക. ട്രൈക്കോഡെർമ, സ്യൂഡോമോണസ് എന്നീ ജീവാണുക്കൾ ഉപയോഗിക്കുക.<br>രോഗം വന്ന ചെടികൾ പിഴുതുമാറ്റി ഒരുശതമാനം വീര്യമുള്ള ബോഡോമിശ്രിതം കൊണ്ട് തടം കുതിർക്കുക. |
| വെണ്ട | വിവിധ ഘട്ടം | തണ്ടുതുരപ്പൻ<br> | വേപ്പെണ്ണ മിശ്രിതം 5 ശതമാനം 15 ഓ 20 ദിവസം ഇടവേളകളിൽ തളിച്ച് കൊടുക്കുക. അല്ലെങ്കിൽ ക്വിനാൽഫോസ് 2 മില്ലി ഒരു 10 ലിറ്റർ വെള്ളത്തിൽ കലക്കി തളിക്കുക |
| വിളകളും വളർത്തു മൃഗങ്ങളും | വിവിധ ഘട്ടം | ആഫ്രിക്കൻ ഒച്ച്<br> | ഒച്ചുകളെ ആകർഷിച്ചു പിടിക്കുവാനായി വൈകുന്നേരങ്ങളിൽ നനഞ്ഞ ചണ ചാക്കുകളിൽ കാബേജ്, കോളിഫ്ലവർ, പപ്പായ എന്നിവയുടെ ഇലകൾ നിറച്ചു വീടിനു ചുറ്റും വെക്കുക. ഇവയിൽ വന്നിരിക്കുന്ന ഒച്ചുകളെ 200 ഗ്രാം ഉപ്പു ഒരുലിറ്റർ വെള്ളത്തിൽ എന്ന തോതിൽ കലർത്തി തയ്യാറാക്കിയ ലായനിയിൽ ഇട്ടു നശിപ്പിക്കുക.<br>വിളകളിൽ ഇരിക്കുന്ന ഒച്ചുകളെ നശിപ്പിക്കാനായി 0.3 ശതമാനം വീര്യമുള്ള തുരിശ് (3 ഗ്രാം കോപ്പർ സൾഫേറ്റ് ഒരു ലിറ്റർ വെള്ളത്തിൽ) ലായനി തളിക്കുക. തുരിശ് ലായനിയുടെ വീര്യം യാതൊരു കാരണവശാലും അധികരിക്കരുത്. അധികാരിച്ചാൽ വിളകൾക്ക് പൊള്ളലും ക്ഷീണവും ഉണ്ടാകും. |

| | | | |
|---|---|---|---|
| പശു | വിവിധഘട്ടം | എഫിമെറൽ ഫീവർ (ബിഇഎഫ്)  | എഫിമെറൽ ഫീവർ (ബിഇഎഫ്) കന്നുകാലികളെയും എരുമകളെയും ബാധിക്കുന്ന ഒരു രോഗമാണ്, ഇത് ചെറിയ പനി, വിറയൽ, മുടന്തൽ, പേശികളുടെ കാഠിന്യം എന്നിവയാൽ അടയാളപ്പെടുത്തുന്നു. ഈ രോഗം പാലുൽപാദനം കുറയാനും പ്രത്യുൽപാദനശേഷി കുറയാനും ഗർഭച്ഛിദ്രത്തിനും കാരണമാകും.<br><br>ചികിത്സ: ഫിനൈൽ ബ്യൂട്ടാസോൺ സോഡിയം (200 മില്ലിഗ്രാം) 10 മില്ലി / കന്നുകാലികൾക്ക് 3 ദിവസത്തേക്ക് രണ്ട് ഡോസുകളിലായി നൽകണം. |
| പശു | വിവിധഘട്ടം | പാദ, വായ രോഗം   | അഫ്തോവൈറസ് അണുബാധ മൂലമുണ്ടാകുന്ന വളരെയേറെ പകരുന്ന രോഗമാണ് കാൽ, വായ് രോഗം. അണുബാധയുടെ ഫലമായി വായിലും ചുറ്റുപാടും കാലുകളിലും വെസിക്കുലാർ നിഖേദ് ഉണ്ടാകുന്നു, അതിന്റെ ഫലമായി ഒരു മൃഗം ഭക്ഷണം കഴിക്കാനോ നീങ്ങാനോ വിമുഖത കാണിക്കുന്നു.<br>**പ്രതിരോധം:** വ്യക്തിഗത മൃഗങ്ങൾക്കും അവയുടെ പാർപ്പിടത്തിനും ചുറ്റുപാടുകൾക്കും ശുചിത്വ സാഹചര്യങ്ങൾ ഉറപ്പാക്കുക. ഹെൽത്ത് ടോണിക്കുകൾ അടങ്ങിയ വിറ്റാമിനുകളും ധാതുക്കളും അടങ്ങിയ തീറ്റകൾ നൽകിക്കൊണ്ട് കന്നുകാലികളുടെ പ്രതിരോധശേഷി വർദ്ധിപ്പിക്കുക. രോഗം വന്നാൽ ഉടൻ വെറ്ററിനറി ഡോക്ടറുടെ മേൽനോട്ടത്തിൽ മരുന്ന് നൽകുക. |
| കോഴി/ താറാവ് | വിവിധ ഘട്ടം | അണുബാധ | കൂടുകളുടെ തറയിൽ ഈർപ്പം നിലനിൽക്കാൻ അനുവദിക്കരുത് ഈർപ്പം നിലനിന്നാൽ തറയിൽ വീഴുന്ന കാഷ്ടത്തിൽ നിന്നും അമോണിയ വാതകം പുറത്തേക്കു വമിക്കും.. അത് കോഴികളുടെ ആരോഗ്യത്തിനെ പ്രതികൂലമായി ബാധിക്കും. |

ഒപ്പ്/-
നോഡൽ ഓഫീസർ
ഗ്രാമീണ കൃഷികാലാവസ്ഥസേവപദ്ധതി

**മഴ അപായവർണ്ണ സൂചന (ദുരന്തനിവാരണത്തിനായ്)

| | | | |
|---|---|---|---|
| താക്കീത് (ഉടൻനടപടിയെടുക്കുക) | ജാഗ്രത (തയ്യാറാവുക) | ശ്രദ്ധ (കാതോർക്കുക) | നിസ്സാരം (നടപടികൾആവശ്യമില്ല) |